പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2937 | 17.10.2016 -ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.പി.വി. അൻവർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം കേരളത്തിൽ നടപ്പിലാക്കാൻ വൈകിയതിന്റെ കാരണങ്ങൾ അറിയിക്കാമോ; ഇത് പൊതുവിതരണ സംവിധാനത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് അറിയിക്കുമോ ; | (എ) 05.07.2013 മുതൽ പ്രാബല്യം നല്കിക്കൊണ്ട് 10.07.2013 ലെ 29-ാം നമ്പർ ഗവണ്മെന്റ് ഓഫ് ഇന്ത്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 02.12.2013 ലെ സ.ഉ.(കൈ) നം. 53/2013/ഭ.സി.സ.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. താലൂക്ക്തല റാങ്കിംഗിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ് വെയറിലൂടെ സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് ലിസ്റ്റ് 05.10.2016 മുതൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും അധിക വിഹിതവും (അഡ്ഹോക്) ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ് ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതു വിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് അനുസൃതമായി ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിനു ശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | റേഷൻ സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനാവശ്യമായ എന്തെങ്കിലും തീരുമാനങ്ങൾ സർക്കാർ കൈകൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും, റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവത്കരിക്കുന്നതിനും. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ ബാർ കോഡ് പോലെയുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനും ഓരോ ട്രാൻസാക്ഷനും തത്സമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കാണാനാകുന്ന വിധത്തിൽ ഒരു ട്രാൻസ്പേരൻസി പോർട്ടൽ വികസിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സുതാര്യമായ ഒരു പരാതി പരിഹാര സംവിധാനവും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വികസിപ്പിക്കുന്നതാണ്. |
| (സി) | പ്രസ്തുത നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മൊത്ത വിൽപ്പന സംവിധാനത്തിലും, ചില്ലറ വിൽപ്പന സംവിധാനത്തിലും വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ അറിയിക്കുമോ? | (സി) | നിലവിലുള്ള സ്വകാര്യ മൊത്ത വിതരണക്കാരെ വിതരണ രംഗത്തു നിന്നും ഒഴിവാക്കി സർക്കാർ തലത്തിൽ സംഭരണശാലകൾ ആരംഭിക്കുന്നതിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിലൂടെ കാർഡുടമകൾക്ക് സുതാര്യമായ രീതിയിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ